# ഭാഗം 3:

# അവതാരശേഷമുള്ള അവന്റെ മനുഷ്യത്വം

യേശുവിനു ദൈവികത്വം ഇല്ലെങ്കിൽ നമ്മെ സൃഷ്ടിച്ചിരിക്കയില്ല, എന്നും അവൻ മനുഷ്യൻ ആയില്ലെങ്കിൽ നാം രക്ഷിക്കപ്പെടുകയുമില്ല എന്നു നാം നേരത്തെ പറഞ്ഞുവല്ലോ.

യേശുവിന്റെ ദൈവികത്വത്തെ നാം ദീർഘമായിത്തന്നെ നോക്കി. അതിന്റെ ആവശ്യമുണ്ട്. ഉദാഹരണമായി, അമേരിക്കയെ നോക്കുക, അടുത്ത സമയത്തെ തിരഞ്ഞെടുപ്പിൽ ഒരു ചോദ്യം ഉയർന്നു ''അമേരിക്കൻ ജീവിതത്തിൽ മതസ്വാധീനം കുറഞ്ഞോ അതോ കൂടിയോ?" അതിനു ഉത്തരം നല്കിയവരിൽ, 21 ശതമാനം പേർ പറഞ്ഞതു സ്വാധീനം കൂടുന്നു എന്നാണ്; 65 ശതമാനം പേർ പറഞ്ഞതു സ്വാധീനം കുറയുന്നു എന്നാണ്, ജോർജ് ഗാലൂപ് ജൂനിയർ എന്ന അറിയപ്പെടുന്ന ഒരു നാഷണൽ പോൾസ്റ്റർ പറഞ്ഞു, "ബൈബിൾ സംബന്ധമായ നിരക്ഷര രാജ്യമാണ് അമേരിക്ക. സത്യ വസ്തുത എന്തെന്നാൽ, തങ്ങൾ വിശ്വസിക്കുന്നതെന്തെന്നോ? എന്തു കൊണ്ടെന്നോ അവൾ അറിയുന്നില്ല.''[1] ''ക്രിസ്ത്യാനിത്വത്തെ വിശ്വസിക്കുന്നവരുടെ" സ്ഥിതി അതാണെങ്കിൽ, ഇന്നു ക്രിസ്ത്യാനിത്വ ഒരു രീതിയിലും അവകാശപ്പെടാത്ത കോടിക്കണക്കിനു ആളുകളുടെ സ്ഥിതി എന്തായിരിക്കും? അതെ, യേശു തീർച്ചയായും പുത്രനായ ദൈവമാണെന്നു ബോധ്യപ്പെടുത്തേണ്ട ആവശ്യം ഉയർത്തിരിക്കയാണ്.

എങ്ങനെയായാലും, നമ്മെപോലെ മനുഷ്യനായിരുന്നു നാസ്രായനായ യേശു എന്നു വിവരിക്കേണ്ട ആവശ്യകത നാം കാണുന്നു. ഇതു കൂടാതെ, പാപങ്ങൾ ക്ഷമിക്കുന്ന രക്ഷകൻ വാസ്തവത്തിൽ കഷ്ടത യേൽക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തതു നാം എങ്ങനെ മനസ്സിലാക്കും?

> ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും, ദൈവ കാര്യത്തിൽ വിശ്വസ്തത മഹാപുരോഹിതനും ആകേണ്ടതിനു സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശനായിത്തീരുവാൻ ആവശ്യമായിരുന്നു, താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ, പരീക്ഷിക്കപ്പെടുന്നവർക്കു സഹായിപ്പാൻ, കഴിവുള്ളവൻ

ആകുന്നു (എബ്രായർ 2:17, 18).

ദൈവത്തിനു ജഡത്തോടു കൂടെ ആകാൻ സാധ്യമല്ലാത്തതുകൊണ്ട് – യേശു ആത്മാവു മാത്രമായിരുന്നു എന്നു പറയുന്നുണ്ട്. പക്ഷെ നേരെ മറിച്ചാണ്, യേശു ജഡത്തിലായിരുന്നു. അവന്നു വിശന്നു (മത്തായി 4:2); അവന്നു ദാഹിച്ചു (യോഹന്നാൻ 19:28); അവൻ ക്ഷീണിച്ചു (യോഹന്നാൻ 4:6). അവന്റെ ഭൗതിക ശരീരത്തിൽ നിന്നു കണ്ണുനീർ ഒഴുകി (യോഹന്നാൻ 11:35), വിയർത്തു (ലൂക്കൊസ് 22:44), രക്തവുമുണ്ടായിരുന്നു (യോഹന്നാൻ 19:34).

യേശു അസാധാരണ മനുഷ്യൻ ആയിരുന്നു എന്നു അവനോടുകൂടെ ഉണ്ടായിരുന്നവർ അറിഞ്ഞു, എന്നാൽ അവൻ ഒരു മനുഷ്യൻ എന്ന കാര്യത്തിൽ അവർക്കു സംശയം ഉണ്ടായിരുന്നില്ല.

---

കുറിപ്പ്

[1]ജെഫെറി എൽ. ഷീലർ, "ആത്മീയ അമേരിക്ക," യു.എസ്. *ന്യൂസ് ആന്റ് വേൾഡ് റിപോർട്ട്* (4 ഏപ്രിൽ 1994): 48–59.

© 2009 Truth for Today